1970.04 ഹെക്ടർ ഭൂമിയുടെ വിവരങ്ങൾ വനം വകുപ്പിന്റെ സഹായത്തോടുകൂടി Proposal No. FP/KL/ENCRH/8556/2012 ആയി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി ഓൺലൈനായി സമർപ്പിച്ചിട്ടുണ്ട്. അതിൽ കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്നതും ഉൾപ്പെട്ടുവരുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ കോന്നി നിയോജക മണ്ഡലത്തിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

പട്ടയവിതരണം

221 (970) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷക്കാലം പട്ടയത്തിനുവേണ്ടി കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര അപേക്ഷകളിൽ പട്ടയം അനുവദിച്ചു; വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

കുന്നത്തുനാട് താലൂക്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടയം ലഭിക്കുന്നതിന് 218 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 106 അപേക്ഷകളിൽ പട്ടയം അനുവദിച്ചു. ആയതിന്റെ വില്ലേജ് തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

1. ഐക്കരനാട് സൗത്ത്	-	2
2. ഐരാപുരം	-	12
3. പുത്തൻകുരിശ്	-	27
4. തിരുവാണിയൂർ	-	2
5. മഴുവന്നൂർ	-	9
6. കിഴക്കമ്പലം	-	4
7. വടവുകോട്	-	8
8. കുന്നത്തുനാട്	-	4
9. ഐക്കരനാട് നോർത്ത്	-	4
10. മാറമ്പിള്ളി	-	25
11. വാഴക്കുളം	-	3
12. പട്ടിമറ്റം	-	6

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര അപേക്ഷകളിൽ പട്ടയം നല്കുവാനുണ്ടെന്നും പട്ടയ വിതരണം വൈകുന്നതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) മുഴുവൻ അപേക്ഷകളിലും വേഗത്തിൽ പട്ടയം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) നിയമാനുസൃതം പരിഗണനാർഹമായ 12 അപേക്ഷകളിൽ ഭൂമി പതിവ് നിയമപ്രകാരമുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് താലൂക്ക് ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നിലവിൽ ഭൂമി പതിവ് കമ്മിറ്റി ഇല്ലാത്തതിനാൽ താലൂക്കുതലത്തിൽ ഭൂമി പതിവ് കമ്മിറ്റി രൂപീകരിച്ചതിനുശേഷം കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് അപേക്ഷകളിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

പ്രകൃതിക്ഷോഭങ്ങളിൽ നഷ്ടപരിഹാരം

222 (971) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ശക്തമായ മഴയിലും കാറ്റിലും ഉരുൾപൊട്ടലിലും മറ്റ പ്രകൃതിക്ഷോഭങ്ങളിലും വീട് നഷ്ടപ്പെടുന്നവരെ യഥാസമയം പുനരധിവസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ദുരന്തഘട്ടങ്ങളിൽ ജനങ്ങളെ താൽക്കാലികമായി മാറ്റിപാർപ്പിക്കുന്നതിന് ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിക്കുന്ന കെട്ടിടങ്ങൾ മുൻകൂട്ടി കണ്ടെത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മനുഷ്യരുടെ ആത്മാഭിമാനത്തെ മുൻഗണനയായി കാണുന്ന സർക്കാർ എന്ന നിലയ്ക്ക് രാജ്യത്തെതന്നെ ഏറ്റവും നിലവാരത്തിലുള്ള ദുരിതാശ്വാസ ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതിനായി ഒരു മിനിമം റിലീഫ് കോഡ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ ദേശീയ ചുഴലിക്കാറ്റ് ദുരന്ത ലഘൂകരണ പ്രതിരോധ പ്രോജക്ട് (NCRMP) ഉപയോഗപ്പെടുത്തി കേരളത്തിൽ 17 മൾട്ടി പർപ്പസ് സൈക്ലോൺ ഷെൽട്ടറുകൾ നിർമ്മിച്ചുവരികയാണ്. അതിൽ 7 എണ്ണം പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. 3 എണ്ണം പൂർത്തിയായി വരുന്നു. ദുരന്ത സാഹചര്യത്തിൽ ശരാശരി

LIBRARY ARCHIVES Kerala Legislative Assembly